മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2024 നവംബർ 19**

---

## പരിശീലന പരിപാടി നടത്തി

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ 2024-25 അക്കാദിക വർഷം ഡിഎസ്എസ് പ്രോഗ്രാം കോർഡിനേറ്റർമാരായി നിയമിതരായ അധ്യാപകർക്കായി സംഘടിപ്പിച്ച പരിശീലന പരിപാടി സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ ഉദ്ഘാടനം ചെയ്തു.*

*കോളജ് ഡവലപ്മെന്റ് കൗൺസിൽ ഡയറക്ടർ ഡോ.പി.ആർ. ബിജു അധ്യക്ഷത വഹിച്ച ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം അഡ്വ. അമൽ എബ്രഹാം , സെനറ്റ് അംഗം എം.എസ്. സുരേഷ്, ഡിഎസ്എസ് ഡയറക്ടർ ഏബ്രഹാം കെ. സാമുവൽ, സെക്ഷൻ ഓഫീസർ ഡോ. ആന്റണി ജോസഫ് എന്നിവർ സംസാരിച്ചു. 1986 മുതൽ 2003 വരെ ഡിഎസ്എസ്. ഡയറക്ടറായിരുന്ന പ്രഫ.ജോർജ് ജോസഫ് ആനുപുറത്തിനെ ചടങ്ങിൽ ആദരിച്ചു.*

*മോട്ടി സക്കറിയ, ബെസി അച്ചാമ്മ ചാക്കോ, ഡോ.വിജയലാൽ വിജയൻ എന്നിവർ ക്ലാസെടുത്തു. 150ഓളം ഡിഎസ്എസ് കോ-ഓർഡിനേറ്റർമാർ പങ്കെടുത്തു.*
*(പി.ആർ.ഒ/39/1046/2024)*

## പരീക്ഷാ കേന്ദ്രം അനുവദിച്ചു

*നവംബർ 22 ന് ആരംഭിക്കുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ ഒന്നും രണ്ടും സെമസ്റ്റർ എംഎ, എംഎസ്സി, എംകോം, (2018 അഡ്മിഷൻ സപ്ലിമെന്ററി, 2016, 2017 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷയ്ക്ക് കേന്ദ്രങ്ങൾ അനുവദിച്ചു. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

*വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത സെൻററിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അനുവദിച്ചിരിക്കുന്ന കോളേജിൽ പരീക്ഷയ്ക്ക് ഹാജരാകണം.*
*(പി.ആർ.ഒ/39/1047/2024)*

## പരീക്ഷാ തീയതി

*മൂന്നാം സെമസ്റ്റർ എംബിഎ (2023 അഡ്മിഷൻ റെഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019, 2020 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ രണ്ട് മുതൽ നടക്കും.*
*(പി.ആർ.ഒ/39/1048/2024)*

## പരീക്ഷക്ക് അപേക്ഷിക്കാം

*മൂന്നാം സെമസ്റ്റർ എംപിഇഎസ് (ദ്വിവൽസര പ്രോഗ്രാം-2023 അഡ്മിഷൻ റെഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ ആറു മുതൽ നടക്കും. നവംബർ 23 വരെ ഫൈനില്ലാതെയും ഫൈനോടുകൂടി നവംബർ 25 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 26 വരെയും അപേക്ഷ സ്വീകരിക്കും.*

.............

*രണ്ടാം സെമസ്റ്റർ ബിപിഇഎസ് (നാല് വർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം-2023 അഡ്മിഷൻ റെഗുലർ, 2016 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾ ഡിസംബർ മൂന്ന് മുതൽ നടക്കും. നവംബർ 23 വരെ ഫൈനില്ലാതെയും ഫൈനോടുകൂടി നവംബർ 25 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 26 വരെയും അപേക്ഷ സ്വീകരിക്കും.*

...................

*അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ എൽഎൽഎം (2023 അഡ്മിഷൻ റെഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സ് ചാൻസ്, 2018 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് നവംബർ 25 വരെ ഫൈനില്ലാതെയും ഫൈനോടുകൂടി നവംബർ 26 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 27 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1049/2024)*

## പ്രാക്ടിക്കൽ

*ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ഇൻ ബേസിക്ക് സയൻസ് ഫിസിക്സ് (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെന്ററി ഓഗസ്റ്റ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 25 മുതൽ 28 വരെ പെരുമ്പാവൂർ, മാർത്തോമാ കോളേജ് ഫോർ വിമെനിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1050/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**